**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 342** **25.06.2013-ൽ മറുപടിയ്ക്ക്**

# പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിനു കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു ശേഷമുള്ള കണക്കുകൾ പ്രകാരം 2010-11 ൽ 24 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ വിശദവിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങൾ എത്ര കോടി രൂപയുടെ ലാഭമായിരുന്നു ഉണ്ടാക്കിയത്; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തീകരിച്ചതിനുശേഷം ലഭ്യമായ കണക്കുകൾ പ്രകാരം ഓരോ സാമ്പത്തിക വർഷങ്ങളിലെയും അറ്റലാഭത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| Year | Net Profit (Rs.in lakhs) |
|---|---|
| 2006-07 | 2184.52 |
| 2007-08 | 794.08 |
| 2008-09 | 10029.01 |
| 2009-10 | 28124.42 |
| 2010-11 | 18131.44 |

| ചോദ്യം | ഉത്തരം |
|---|---|
| (സി) നഷ്ടത്തിലായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി വിപണി സഹകരണത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി വിപണി സഹകരണത്തിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

**2010-11 ൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ.**

| | |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Malabar Cements Ltd |
| 3 | KSIDC |
| 4 | Transformers and Electricals Kerala Ltd |
| 5 | The Quilon Co-operative Spinning Mills Ltd |
| 6 | Travancore Titanium Products Ltd |
| 7 | KINFRA |
| 8 | Kerala State Electronic Development Corporation Ltd |
| 9 | Steel and Industrial Forgings Ltd |
| 10 | Kerala State Industrial Enterprises Ltd |
| 11 | Kerala State Drugs & Pharmaceuticals Ltd |
| 12 | Kerala Clays & Ceramic Products Ltd. |
| 13 | Kerala Small Industries Development Corporation Ltd |
| 14 | Steel Industrials Kerala Ltd |
| 15 | Keltron Electro Ceramics Ltd |
| 16 | Texfed |
| 17 | Sitaram Textiles Ltd |
| 18 | Traco Cable Company Ltd |
| 19 | HANTEX |
| 20 | The Malappuram Co-operative Spinning Mills Ltd. |
| 21 | Alleppey Co-operative Spinning Mills |
| 22 | KEMDEL |
| 23 | KELPALM |
| 24 | Forest Industries (Travancore) Ltd |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

**വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ.**

- സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചു.

- പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി, ബാങ്കുകളുമായി സർക്കാർ ചർച്ചനടത്തി One Time Settlement- നടപ്പിലാക്കി..

- പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണത്തിന്റെ ഭാഗമായും, പ്രവർത്തനം നിലച്ചിരുന്ന ചില സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ടും പുതിയതായി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

- വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന നടത്തി. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ മുൻ മാസം കൈവരിച്ച ഉൽപാദനക്ഷമത പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹാരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

Manu

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 3

**വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി വിപണന സഹകരണത്തിനായി ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ.**

- കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും**കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടിരൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാ പത്രം 04-04-2013 തീയതി ഒപ്പിട്ടിട്ടുണ്ട്.

- **സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- **കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി** സഹകരിച്ച് മലബാർ സിമന്റ്സ് ലിമിറ്റഡ് ഒരു **സിമന്റ് ലോജിസ്റ്റിക്സ് ഹബ്** ആരംഭിക്കുന്നതിനായി പോർട്ട് ട്രസ്റ്റിന്റെ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

- കശുവണ്ടി മേഖല നേരിടുന്ന പ്രവർത്തന മൂലധനത്തിലുള്ള അപര്യാപ്തത പരിഹരിച്ച് ആവശ്യമായ കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി** സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- **സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി** സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ഇൽമെനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഇറക്കുമതി ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു

- MSTC Ltd ന്റെ സഹായത്തോടുകൂടി സ്ക്രാപ്പ്, കോൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- **എൻ.സി.ഡി.സി** വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**